# കല്ലുവഴിച്ചിട്ടയുടെ ശക്തിസൗന്ദര്യങ്ങൾ

കെ.ജി. പൗലോസ്

ഗുരുവായൂർ മേല്പുത്തൂർ ഓഡിറ്റോറിയം. അരങ്ങിൽ നിന്ന് കുറച്ചുകാലം അനാരോഗ്യം മൂലം വിട്ടുനിന്നശേഷമുള്ള രാമൻകുട്ടി ആശാന്റെ തിരിച്ചുവരവ്. കഥ കുചേലവൃത്തം. രാമൻകുട്ടി ആശാന്റെ കൃഷ്ണൻ, കോട്ടയ്ക്കൽ ശിവരാമന്റെ രുക്മിണി, കലാമണ്ഡലം പദ്മനാഭൻ നായരാശാന്റെ കുചേലൻ. മൂവരും ആദ്യാവസാനക്കാർ. നിറഞ്ഞസദസ്സ്. ശ്രീകൃഷ്ണനും രുക്മിണിയും ഏഴാംമാളികമുകളിൽ പൂമെത്തയിൽ ഇരിക്കുന്നു. സൂക്ഷ്മതലത്തിലുള്ള മനോധർമ്മങ്ങൾ. അപ്പോഴതാ ദൂരെനിന്നൊരു സുരവരൻ വരുന്നു. സൂക്ഷിച്ചുനോക്കി. തന്റെ വയസ്യനായ കുചേലനെന്ന് തിരിച്ചറിഞ്ഞു. സാന്ദീപനിയുടെ ആശ്രമം മനസ്സിൽ വന്നു. ആർഘ്യപാദ്യങ്ങളൊരുക്കാൻ രുക്മിണിയെ ഏല്പിച്ച് സുഹൃത്തിന്റെ അടുത്തേയ്ക്ക് കൃഷ്ണൻ ഓടിച്ചെല്ലുന്നു.

സദസ്യരുടെ ഇടയിലൂടെയാണ് കുചേലന്റെ വരവ്. സതീർഥ്യന്റെ അടുത്തെത്താൻ കൃഷ്ണൻ ഉയർന്ന സ്റ്റേജിൽ നിന്ന് എടുത്തൊരു ചാട്ടം. ഏഴാം മാളികമുകളിൽ നിന്നിറങ്ങി വരികയല്ലേ? സ്റ്റേജിൽ നിന്ന് താഴെയ്ക്കിറങ്ങാൻ പടികളുണ്ട്. ചാട്ടം കണ്ട് അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതിയിൽ ഉത്കണ്ഠയുള്ള സദസ്സൊന്നു ഞെട്ടി. കൃഷ്ണൻ നേരെചെന്നു. വയസ്യനെകണ്ടു, ആലിംഗനം ചെയ്തു, കൈയിൽ നിന്ന് കുടവാങ്ങി, തല്പത്തിലിരുത്തി ആദരിച്ച് 'കലയാമി സുമതേ' തുടങ്ങി. വയ്യായ്ക മറന്ന് ആശാനാടി; ആട്ടമന്ന് കേമമായി.

കളികഴിഞ്ഞ് അണിയറയിൽ വേഷമഴിക്കുമ്പോൾ പലരും അനുമോദിച്ചു. ചെറുപ്പം മുതലേ തൊട്ടറിയുന്ന കിള്ളിമംഗലം വാസുദേവൻ നമ്പൂതിരിപ്പാട് തെല്ലൊരു ശാസനാസ്വരത്തിൽ ചോദിച്ചു.

'എന്താ രാമൻകുട്ടി കാണിച്ചേ? ഇത്ര മോളിന്ന് ചാടേ? പടിയിറങ്ങിയാൽ പോരായിരുന്നോ'

ആശാൻ ഒന്നുതിരിഞ്ഞു. നേരേ നോക്കി.

'സൂപ്രണ്ടേ, കൃഷ്ണൻ കുചേലനെ കണ്ടാൽ ചാടല്ലാണ്ട് എന്താ ചെയ്യാ?'

ഇതൊരു ഫലിതമാണ്. എങ്കിലും ആശാന്റെ അഭിനയരഹസ്യം അതിലടങ്ങിയിരിക്കുന്നു. അരങ്ങിൽ പാത്രം ആവേശിച്ചുകഴിഞ്ഞാൽ നടൻ എല്ലാം മറക്കും. നടന്റെ ആധിവ്യാധികൾക്കവിടെ ഇടമില്ല; ഉള്ളത് കൃഷ്ണന്റെ ഭാവങ്ങൾ മാത്രം.

മറ്റൊരു രംഗം. കുറേകൂടി മുൻപാണ്, 1970-ൽ ന്യൂയോർക്കിലെ ഹണ്ടർ കോളേജിലെ വേദി. കലാമണ്ഡലം ട്രൂപ്പിന്റെ നാല് മാസം നീണ്ട അമേരിക്കൻ പര്യടനത്തിന്റെ അവസാനം. രാമായണകഥയാണ് അധികവുമരങ്ങേറിയത്. അവസാനത്തെ അരങ്ങാണ്

ഹണ്ടർ കോളേജിലേത്. ദീർഘകാലപര്യടനം കൊണ്ട് കഥകളിക്ക് വമ്പിച്ച പ്രചാരം അമേരിക്കയിൽ കിട്ടിയിരുന്നു. അവസാനത്തെ അരങ്ങ് ആ ദിഗ്വിജയത്തിന്റെ വെന്നിക്കൊടിപാറിക്കുവാൻ പറ്റിയവിധം വലിയ പ്രചാരത്തോടെയാണ് ഒരുക്കിയിരുന്നത്. പത്രങ്ങളിൽ വലിയ തലക്കെട്ടുകൾ. ആഴ്ചകൾക്ക് മുൻപേ ടിക്കറ്റ് മുഴുവൻ തീർന്നു.

തോരണയുദ്ധത്തിലെ ഹനുമാന്റെ ലങ്കാദഹനമാണ് സന്ദർഭം. രാമൻകുട്ടിആശാന്റെ ഹനുമാൻ, രണ്ടുപന്തം വേണം ഹനുമാന്റെ പ്രവേശത്തിന്. അരങ്ങിൽ തീ ഉപയോഗിക്കാൻ അവിടെ അനുവദിക്കില്ല. ഇത്തരം കാര്യങ്ങൾക്ക് പാശ്ചാത്യരാജ്യങ്ങളിൽ കർശന നിയമങ്ങളുണ്ട്. പന്തമില്ലെങ്കിൽ ഹനുമാനുമില്ല എന്നായി ആശാൻ. പലരുമിടപെട്ടു. ആശാനെ അനുനയിപ്പിക്കാൻ ശ്രമിച്ചു. കടുകിട വിട്ടുകൊടുക്കില്ല. വേഷം നാടകീയതകലർത്തി അഭിനയിക്കുന്ന സ്വഭാവമാണാശാന്. അക്കാലത്തെ ആശാന്റെ കീചകൻ ചോര ഛർദ്ദിച്ച് ബീഭത്സരൂപിയായിട്ടാണ് മരിച്ചിരുന്നത്. ദൃശ്യഭംഗികൂടി വന്നാലല്ലേ അഭിനയമികവ് തികയൂ എന്നാണ് ആശാന്റെ അഭിപ്രായം. അതുകൊണ്ട് പന്തമില്ലെങ്കിൽ ലങ്കാദഹനം വേണ്ട. സംഘാടകർ കുഴഞ്ഞു. അമേരിക്കൻ സൊസൈറ്റി ഫോർ ഈസ്റ്റേൺ ആർട്സ് എന്ന സംഘടനയാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. കലാമണ്ഡലത്തിന്റെ സുഹൃത്തുക്കളായ ക്ലിഫോർഡ് ജോൺസ്, ഗ്രെയിം വാർഡ്സ്റ്റോൾ എന്നിവരുടെ ദീർഘകാലത്തെ ശ്രമഫലമായിട്ടാണ് ഇങ്ങിനെ ഒരു പരിപാടി കോളേജിൽ ഒരുക്കാൻ കഴിഞ്ഞത്. ശാഠ്യം വിടാതെ വന്നപ്പോൾ അവതരണം നടക്കാതെ പോകുമെന്ന ഒരു അവസ്ഥ ഉണ്ടായി. ഒടുവിൽ വളരെ ഉന്നതങ്ങളിൽ നിന്നുള്ള ഇടപെടൽ കാരണം ഫയർ ഡിപ്പാർട്ട്മെന്റ് ഒന്നയഞ്ഞു. തലേദിവസം റിഹേഴ്സൽ കാണട്ടെ എന്നായി. പന്തം അരങ്ങത്തുവരുന്ന സമയം, നീങ്ങുന്ന ഓരോ മുഹൂർത്തം എല്ലാം രേഖപ്പെടുത്തി. ഡിപ്പാർട്ട്മെന്റിലെ ഒരുദ്യോഗസ്ഥൻ മണൽ നിറച്ച ബക്കറ്റുമായി കൂടെ നിന്നു. പന്തം കൊളുത്താനും കെടുത്താനും ചുമതലയേറ്റ്. കടുത്ത സുരക്ഷകളോടെ ഹണ്ടർ കോളേജിൽ ഹനുമാൻ പന്തം കൊളുത്തി ലങ്ക ദഹിപ്പിച്ചു.

ഇതൊരു ദുശ്ശാഠ്യമാണെന്ന് പുറമെയുള്ളവർക്ക് തോന്നാം. എന്നാൽ രാമൻകുട്ടി ആശാനിലെ നടന് ഇത് തന്റെ അഭിനയപൂർണിമയ്ക്ക് ആവശ്യംഭാവിയായ ഒരനിവാര്യഘടകമാണ്. ഗുരുവായൂരിലെ ചാട്ടവും ഹണ്ടറിലെ പന്തവും ചേർത്ത് വെച്ചാൽ കലാമണ്ഡലം രാമൻകുട്ടി ആശാന്റെ മഹാനടനലീലയുടെ മർമ്മം വെളിവാകും.

**ശിക്ഷയും ശിക്ഷണവും**

ഒരിക്കൽ ഒരു സംവാദത്തിനിടെ ഒരാൾ ആശാനോട് ചോദിച്ചു:

'കലാമണ്ഡലത്തിലുണ്ടായിരുന്ന കാലത്ത് എല്ലാവർക്കും ആശാനെ പേടിയായിരുന്നോ? രാമൻകുട്ടി ആശാൻ ചെറുതുരുത്തിയിൽ ബസ്സിറങ്ങി എന്ന് കേട്ടാൽ കലാമണ്ഡലം നിശ്ചലമാകുമായിരുന്നു. ഒരിലപോലും പിന്നെ ചലിക്കില്ല, ആജ്ഞയില്ലാതെ എന്ന് കേട്ടിട്ടുണ്ട്. അത് ശരിയാണോ?'

ആശാൻ ചിരിച്ചു. മറുപടി പറഞ്ഞില്ല. എങ്കിലും അത് സത്യമായിരുന്നു.

അദ്ധ്യയനത്തിന് സംസ്കൃതത്തിൽ പറയുന്നത് ശിക്ഷയെന്നാണ്. അതിന്റെ മലയാളത്തിലെ അർത്ഥംകൂടി ചേർന്നാലേ കഥകളി അഭ്യാസം പൂർത്തിയാകൂ. വളരെ ക്ലേശകര

മായിരുന്നു, പട്ടിക്കാംതൊടിയുടെ കീഴിലുള്ള ശിക്ഷയും ശിക്ഷണവും. അഭ്യസിപ്പിക്കാൻ പ്രത്യേകസമയമൊന്നുമില്ല. ആശാനുണരുമ്പോൾ സാധകം തുടങ്ങണം. അതാണ് നിയമം. കുട്ടികളുടെ ദൗർഭാഗ്യത്തിന്, അദ്ദേഹത്തിന് ഉറക്കം തീരെ കുറവായിരുന്നു. കുട്ടികളും ആശാനും അടുത്തടുത്താണ് വാസം. ചില ദിവസങ്ങളിൽ രാത്രി രണ്ടുമണികഴിയുമ്പോൾ ആശാൻ കുട്ടികളെ വിളിച്ചുണർത്തി സാധകം ചെയ്യിക്കും. തെറ്റിയാൽ കടുത്ത ശിക്ഷയാണ്. കയ്യിൽ കിട്ടുന്നതുവെച്ചാണ് അടിയും ഏറും. ഭാരതപ്പുഴയിൽ ചാടിചത്താലെന്തെന്ന് പലപ്പോഴും തോന്നും കുട്ടികൾക്ക്. ചിലപ്പോൾ റെയിലിൽ തല വെയ്ക്കാൻ തോന്നും. ഒന്നും ചെയ്യാൻ ധൈര്യം വരാറില്ല. കാരണം, എവിടെപ്പോയാലും പിന്നാലെയെത്തി ആശാൻ പിടിക്കുമെന്നുറപ്പാണ്, പിന്നെ ശിക്ഷയ്ക്ക് അതിരൊന്നുമില്ല.

കഥകളി മാത്രമായിരുന്നു രാവുണ്ണിമേനോനാശാന്റെ ലോകം. അദ്ദേഹം പത്രം വായിക്കില്ല. പാട്ടുകേൾക്കില്ല. മുടി ചീവുകപോലുമില്ല. ശിഷ്യരും ഇതൊന്നും ചെയ്യുന്നത് അദ്ദേഹത്തിനിഷ്ടമല്ല. നൃത്തക്ലാസ്സാരംഭിച്ചപ്പോൾ കളരിക്കടുത്തൊക്കെ പെൺകുട്ടികളുണ്ടാകും. അതുകൊണ്ട് മുതിർന്ന ആൺപിള്ളേർ മുടി ചീകി കളരിയിൽ ചെല്ലും. ആശാനാദ്യം ചെയ്യുക താളം പിടിക്കുന്ന മുട്ടികൊണ്ട് ചീകിയൊതുക്കിയ മുടിയെല്ലാം പപ്പച്ചു ആക്കുകയായിരിക്കും. ഒറ്റകാര്യമേ അദ്ദേഹത്തിന് ഇഷ്ടമുള്ളതുണ്ടായിരുന്നുള്ളൂ - കുളിച്ചുകയറിയാൽ നെറ്റിയിൽ ഭസ്മം പൂശണം. ആശാനെ പ്രീതിപ്പെടുത്താൻ ചില വിരുതന്മാർ നെറ്റി നിറയെ ഭസ്മം വാരിപ്പൂശി കളരിയിൽ ചെല്ലുമായിരുന്നു!

രാവുണ്ണിമേനോനാശാന്റെ ചിട്ടകൾ കർക്കശമായിരുന്നു. കളരിയിൽ മാത്രമല്ല, അരങ്ങിലും ആശാനുണ്ടെങ്കിൽ കനത്ത അച്ചടക്കമാണ്. ഒരപശബ്ദംപോലും കളരിയിലോ അണിയറയിലോ കേൾക്കുകയില്ല. കല്ലുവഴിച്ചിട്ടയുടെ തത്വരൂപമായിരുന്നു, ആശാൻ. മറ്റൊന്നിലുമദ്ദേഹത്തിന് ശ്രദ്ധയുണ്ടായിരുന്നില്ല. വള്ളത്തോളിനെപ്പോലും തന്റെ കളരിയിലിടപെടാൻ അദ്ദേഹം സമ്മതിച്ചിരുന്നില്ല. പട്ടിക്കാംതൊടിക്കളരി പകർന്ന ചിട്ടയാണ് രാമൻകുട്ടി ആശാന്റെ അഭിനയത്തിന് ശക്തിയും സൗന്ദര്യവും നൽകുന്നത്.

**മനോധർമ്മം**

ഇത് പക്ഷേ അടിത്തറയേ ആകുന്നുള്ളു. ശക്തമായ ആ അടിത്തറയിലാണ് രമ്യമായൊരഭിനയശില്പം രാമൻകുട്ടി ആശാൻ പണിതുയർത്തിയത്. അന്വേഷണകൗതുകം കൊണ്ടും ഔചിത്യബോധം കൊണ്ടും അഭിനയത്തിന് തന്റേതായൊരു സൗന്ദര്യസങ്കല്പം ആശാൻ രൂപപ്പെടുത്തുകയുണ്ടായി. അവിടെയാണ് ഈ നടനിലെ സർഗ്ഗശക്തി വെളിപ്പെടുന്നത്.

കാലകേയവധത്തിൽ അർജ്ജുനന്റെ സ്വർഗ്ഗവർണ്ണന. മഹോദയപുരചരിതത്തിലെ മനോഹരമായ ഒരു ശ്ലോകം ഇവിടെ ആടാറുണ്ട്.

> സ്വർജാലികാനിർജരനിർത്ധരിണ്യാം
> യദീയ സൗഭാഗ്യജുഷാം വധൂനാം
> ആലോലദൃഷ്ടിപ്രകരം സമീക്ഷ്യ
> മീനഭ്രമാത് ജാലശതം പതന്തി

സ്വർഗ്ഗലോകത്തെ സ്ത്രീകൾ ജാലകങ്ങളിലൂടെ വെളിയിലേക്ക് നോക്കുന്നു. അവരുടെ ദൃഷ്ടികൾ ആകാശഗംഗയിൽ പ്രതിഫലിക്കുന്നു. ഇതുകണ്ട് മത്സ്യങ്ങളെന്ന് തെറ്റിദ്ധരിച്ച് മുക്കുവന്മാർ വലയെറിയുന്നു. അർജുനന്റെ സ്വർഗ്ഗഗമനത്തിൽ ഇങ്ങനെ വർണ്ണിക്കുന്ന തിന് ചാരുതയേറും. അർജുനന്റെ ആകർഷകത്വം, ദേവസ്ത്രീകളുടെ സൗന്ദര്യം ഇങ്ങനെ ഒട്ടേറെ ധ്വനിപാഠങ്ങൾ നല്കുന്ന സാന്ദ്രമന്ദ്രമായൊരു മുഹൂർത്തമാണിത്. രാമൻകുട്ടി ആശാനിലെ നടന് ഇവിടെയൊരു സംശയം - മുക്കുവന്മാർ വലയെറിയുന്നു എന്ന വിവരണം സ്വർഗ്ഗീയസൗന്ദര്യ വിവരണത്തിൽ ഉചിതമാണോ? വലയേറും മുക്കുവ ക്കൂട്ടവുമൊക്കെ നല്കുന്ന സ്മൃതിചിത്രം അപ്സരസ്സുകളുടെ കാന്തിചിത്രത്തോടൊത്തു പോകുന്നതാണോ? അഭിനയത്തെ അദ്ദേഹമിങ്ങനെ മാറ്റി. സുന്ദരിമാരുടെ ദൃഷ്ടികൾ താഴെ വെൺകല്ത്തറകളിൽ പതിയുന്നു. മുകളിൽ പറക്കുന്ന പക്ഷികൾ മത്സ്യങ്ങളെന്ന് ധരിച്ച് തറയിൽ കൊത്തുന്നു. പ്രതിബിംബമാണെന്നറിയാതെ വീണ്ടും വീണ്ടും കൊത്തി യെടുക്കാൻ ശ്രമിക്കുന്നു. അർജുനൻ കടന്നുപോകുന്ന പാതയുടെ തറമിനുപ്പ് കൂടി ഇവിടെ ധ്വനിക്കും. ഔചിത്യഭാസുരമെന്ന് ഈ വ്യതിയാനത്തെ ആരും അഭിനന്ദിക്കും.

അർജുനന്റെ വഴിയിൽ എതിരെവരുന്ന ഐരാവതം. ഭയഭക്തിയോടെ മാറി നിൽക്കുക യാണ് പലനടന്മാരും പതിവ്. രാമൻകുട്ടി ആശാന്റെ അർജുനന്റെ പെരുമാറ്റത്തിൽ മാറ്റ മുണ്ട്. ആകാശഗംഗ, തിരമാലകൾ, മുങ്ങിഉയരുന്ന നാല് കൊമ്പുള്ള വെളുത്ത ആന. അച്ഛന്റെ വാഹനം, വണങ്ങണം. പറ്റുമോ? ശങ്ക. സാത്വികവേദിയിൽ ദുഷ്ടജന്തുക്കളുണ്ടാ വില്ല. ചാടി മസ്തകം തൊട്ട് വന്ദിച്ച് വഴിമാറി നില്ക്കുന്നു. പ്രവൃത്തിയുടെ ഭംഗി!

സമൂഹത്തിലേക്ക് തുറന്ന് പിടിച്ചതാണ് നടന്റെ കണ്ണുകൾ. അവിടെ കാണുന്നതൊക്കെ തന്റെ അഭിനയസിദ്ധിക്ക് മുതൽക്കൂട്ടാകുന്ന പുതിയ ഉപലബ്ധികളാണ്. അവ ലഭിക്കു ന്നത് സുഹൃത്തുക്കളിൽ നിന്നാകാം, അനക്ഷരരായ സാധാരണക്കാരിൽ നിന്നാകാം. എല്ലാം അഭിനയപാഠങ്ങളാണ്. കാന്തള്ളൂർ ക്ഷേത്രത്തിൽ വെച്ച് തന്റെ സഹപ്രവർത്തക നായ പൈങ്കുളം രാമച്ചാക്യാരുടെ കൂത്ത് കേട്ടശേഷമാണ് ഗൗതമകഥ നരകാസുരവധ ത്തിൽ വിസ്തരിച്ചാടാൻ തുടങ്ങിയത്. ശിശുപാലൻ ഗോപസ്ത്രീകളുടെ ജലക്രീഡ പകർന്നാടിയപ്പോൾ മുടി വേർപ്പെടുത്തി പൊഴിഞ്ഞ ഇലകൾ അരയിൽ തിരുകിയതായി പതിവുപോലെ അഭിനയിച്ചു. വസ്ത്രങ്ങൾ അഴിച്ചുവെച്ച് ജലക്രീഡയ്ക്ക് ഇറങ്ങിയെ ന്നാണ് ആദ്യം കാണിച്ചത്. പിന്നെ ഇഴകൾ അരയിൽ തിരുകിയതെങ്ങനെ? ചോദിച്ചത് കളികണ്ടുമടങ്ങുന്ന സാധാരണസ്ത്രീകൾ. ഇവർതന്നെ വിമർശിച്ചു എന്നല്ല, ഇത്ര ശ്രദ്ധിച്ച് ആട്ടം കണ്ടല്ലോ എന്നാണ് അവരുടെ ആക്ഷേപം ആശാന് കേട്ടപ്പോൾ തോന്നിയത്.

**വെള്ളത്താടികൾ**

രാമൻകുട്ടി ആശാന്റെ പ്രശസ്തവേഷങ്ങൾ പലതും അദ്ദേഹം കളരിയിൽ ചൊല്ലിയാടിപ്പ ഠിച്ചതല്ല. മറ്റുള്ളവരിൽ കണ്ടും ഔചിത്യമനുസരിച്ച് സ്വയം ചിട്ടപ്പെടുത്തിയും രൂപപ്പെടു ത്തിയ ആട്ടങ്ങളാണവ. ഹനുമാൻ വേഷങ്ങളാണ് ഏറ്റവും നല്ല ഉദാഹരണം. പട്ടിക്കാ തൊടിക്കളരിയിൽ ചൊല്ലിയാടിയവയല്ല, അവമൂന്നും. മാത്രവുമല്ല ആശാന് മുൻപ് ആ വേഷങ്ങൾ അത്ര പ്രധാനങ്ങളുമായിരുന്നില്ല. തോരണയുദ്ധത്തിൽ നായകസ്ഥാന ത്തുള്ള പാത്രം രാവണനായിരുന്നു. രാജകീയപ്രൗഢിയുമുണ്ട് രാവണന്. പട്ടിക്കാം തൊടി ആണ് രാവണന്റെ വേഷം കെട്ടിയിരുന്നത്. കഥ തോരണയുദ്ധമാണെന്ന്

കേട്ടാൽ പ്രേക്ഷകർ അന്വേഷിക്കുക 'രാവണൻ ആരുടെ'? എന്നായിരുന്നു. ഹനുമാൻ ഇടത്തരമായിരുന്നു എന്നർത്ഥം. രാമൻകുട്ടി ആശാൻ ആടിത്തുടങ്ങിയപ്പോൾ ഹനുമാൻ ആകെ മാറി. 'ഹനുമാനാരാ'? എന്നായി ചോദ്യം. കല്യാണസൗഗന്ധികത്തിന്റെ കഥയും ഇതുതന്നെ. മുഖ്യവേഷം ഭീമനാണ്. കൂടിയാട്ടത്തിന്റെ സ്വാധീനമധികമുള്ള കഥയാണിത്. അജഗരകബളിതം പോലുള്ള അഭിനയസന്ദർഭങ്ങളും ധാരാളമുണ്ട്. സൗഗന്ധികത്തിൽ രാമൻകുട്ടിനായരാശാൻ ഹനുമാൻ കെട്ടിയതോടെ പ്രാധാന്യം വെളുത്താടിക്കായി. കുറെ അധികം ആട്ടങ്ങൾ കൂട്ടിച്ചേർത്ത് ഹനുമാന്റെ ഭാഗം വിസ്തരിച്ചു. ജ്യേഷ്ഠാനുജന്മാരുടെ സമാഗമം നല്കുന്ന ധന്യതയും ഇതിഹാസങ്ങളുടെ സംഗമഭൂമിയെന്ന പ്രാധാന്യവും ഹനുമാന്റെ വേഷത്തെ അവിസ്മരണീയമാക്കി.

വ്യക്തിപരമായ ദൗർബല്യമോ പക്ഷപാതമോ എന്താണെന്നറിയില്ല, ഞാനേറ്റവും ഇഷ്ടപ്പെടുന്ന ആശാന്റെ വേഷം ലവണാസുരവധത്തിലെ ഹനുമാന്റെയാണ്. 'സുഖമോ ദേവി'? യെന്ന് ചോദിക്കുന്ന ആശാന്റെ ഭാവം ഓർക്കുമ്പോൾ പോലും കണ്ണുകളെ ഈറനണിയിക്കുന്നു; കാണുമ്പോഴത്തെ അനുഭവം പറയാനാവില്ല. രസം ആസ്വദിക്കുമ്പോൾ അശ്രുപാതാദികൾ പാടില്ലെന്നാണ് അഭിനവഗുപ്തൻ പഠിപ്പിച്ചിരിക്കുന്നത്. അങ്ങനെ വന്നാൽ രസവിഘ്നങ്ങളിലാണ് കാരണം തേടേണ്ടത്, ചിത്തദ്രവീകരണത്തിനുമപ്പുറത്തുള്ള വിശ്രാന്തിയുടെ തലത്തിലാണ് യഥാർത്ഥ രസാസ്വാദനം നടക്കേണ്ടത്. 'സുഖമോ ദേവി'യുടെ അനുഭവവേളയിലേയ്ക്കെങ്കിലും ഈ സിദ്ധാന്തം നമുക്ക് മാറ്റിവെയ്ക്കേണ്ടിവരും. ചിത്തബുദ്ധ്യഹങ്കാരങ്ങൾ അലിഞ്ഞലിഞ്ഞ് ആർദ്രമാകുന്ന ഒരവസ്ഥയിലേക്ക് ആശാന്റെ ആ അഭിനയവൈദഗ്ധ്യം നമ്മെ നയിക്കും. കരുണമോ ശോകമോ ഒന്നുമല്ലത് - അന്തഃകരണാകെ ആർദ്രമായലിഞ്ഞുതീരുന്ന ഒരവസ്ഥ.

കുട്ടികളെ കാണുന്നതുമുതലുള്ള അഭിനയം ഇതിന് പശ്ചാത്തലമൊരുക്കുന്നു. ഹനുമാൻ ഓർമ്മിക്കുന്നു - ഏതാണീ കുട്ടികൾ? കണ്ടുമറന്ന മുഖംപോലെ. ഓടിച്ചെന്നെടുത്തോമനിക്കാൻ തോന്നുന്നു. പണ്ട് ഋശ്യമൂകാചലത്തിൽ ബാലിയെപ്പേടിച്ചു കഴിയുന്ന കാലത്ത് ആയുധധാരികളായ രണ്ടു തേജസ്വികൾ എതിരെ വരുന്നത് കണ്ടു. വടുവേഷത്തിൽ ശ്രീരാമലക്ഷ്മണന്മാർ, അവരെ രണ്ടുപേരെയും തോളിലേറ്റി സുഗ്രീവന്റെ മുൻപിലെത്തിച്ചു. ഇവരെ കാണുമ്പോൾ ആ മുഖമാണ് ഓർമ്മവരുന്നത്.

കുട്ടികളുമൊത്ത് സീതയെ കാണുമ്പോൾ - ആ പാദരേണുക്കൾ ചുംബിച്ച് രോമാഞ്ചമണിയുന്ന ഭക്തിനിർഭരമായ രംഗം. തുടർന്ന് യാഗത്തിന്റെ വിവരണം. പട്ടമഹിഷിയുടെ സ്ഥാനത്ത് സ്വർണ്ണംകൊണ്ട് ഇതുപോലൊരു രുപം! യാഗം ഗംഭീരം. ബ്രാഹ്മണർക്ക് വാരിക്കോരിക്കൊടുക്കുന്നു. എന്റെ തമ്പുരാട്ടി! എന്തുണ്ടായിട്ടെന്താ? ഈ രണ്ട് സ്വർണ്ണക്കുടങ്ങളെ ഒന്ന് സ്പർശിക്കാൻ കഴിയാത്ത....ഇനി ഞാനൊന്നും പറയുന്നില്ല. അർദ്ധോക്തിയിലുള്ള വിരാമം. പറയാനുള്ളത് എന്തെന്ന് എല്ലാവർക്കും വ്യക്തം. ഇത് കേൾക്കുമ്പോൾ സീത മാത്രമല്ല, കാണികളും കണ്ണുതുടയ്ക്കും. കരയാത്തവരായി ഒരുപക്ഷേ ലവകുശന്മാർ മാത്രമേ ഉണ്ടാവൂ. അവർക്കിതൊന്നും അറിയില്ലല്ലോ.

ഈ വേഷങ്ങളൊന്നും കളരിയിൽ ചൊല്ലിയാടിപ്പഠിച്ചതല്ല. പട്ടിക്കാംതൊടി ആശാൻ പറഞ്ഞിരുന്നത് 'കാണിക്കുന്നതുപോലെ ചെയ്താൽ മതിയെന്നായിരുന്നു.' കണ്ടതിനപ്പുറം കാണിച്ചാണ് അഭിനയരംഗത്ത് ശിഷ്യൻ തന്റെ സിംഹാസനം ഉറപ്പിച്ചത്.

ആട്ടത്തിലും ആഹാര്യത്തിലും അവതരണത്തിലുമുള്ള പുതുമയാണ് പരശുരാമനുൾപ്പെടെയുള്ള ആശാന്റെ വേഷങ്ങളെ ആകർഷകമാക്കിയത്. വശ്യമായൊരു ഭംഗി ആശാന്റെ വേഷപ്പകർച്ചയിലുണ്ട്.

കാറൽമണ്ണയിൽ വെച്ച് ആശാന്റെ സപ്തതി ആഘോഷിച്ചപ്പോൾ അഭിനയത്തിന്റെ വിവിധവശങ്ങളെ വിസ്തരിക്കുന്ന അനേകം അനുഭവസാക്ഷ്യങ്ങൾ പലരും നിരത്തി. കോട്ടയ്ക്കൽ ശിവരാമൻ ആശാന്റെ കീചകനെപ്പറ്റി പറഞ്ഞതിങ്ങനെ:

'രാമൻകുട്ടിനായരുടെ കൂടെ ശ്ശി സൈരന്ധ്രി ഉണ്ടായിട്ടുണ്ട്. ആ വേഷത്തിന്റെ ഒരു സൗന്ദര്യം! സൈരന്ധ്രിക്ക് പോലും ഒന്ന് ഒളികണ്ണിട്ടുനോക്കാൻ തോന്നിപ്പോകും. ഞാനങ്ങനെ നോക്കിപ്പോയിട്ടുണ്ട്!'

ഒരുദിവസം കലാമണ്ഡലത്തിലെ ബിരുദാനന്തരവിദ്യാർത്ഥികളെ അനുഗ്രഹിച്ച് ഗുരുദക്ഷിണ ഏറ്റുവാങ്ങാൻ ആശാൻ എത്തി. അവർ ചോദിച്ചു - 'കഥകളി വിദ്യാർത്ഥികൾക്കുള്ള സന്ദേശമെന്തെന്ന്'. മറുപടി ഇതായിരുന്നു.

'വലിയൊരു നിധിയാണ് നിങ്ങൾക്ക് കിട്ടിയിരിക്കുന്നത്. അത് തനിമയിൽ രക്ഷിക്കുക. കഥകളിയിൽ വെള്ളം ചേർക്കരുത്.'

ഇങ്ങനെ ഉപദേശിക്കാൻ ആയിരം പൂർണ്ണചന്ദ്രനെ കണ്ടൊരു കാരണവർ നിറസാന്നിധ്യമായി അരങ്ങിലുണ്ടായിരുന്നെന്നതാണ് നമ്മുടെ സുകൃതം; കഥകളിയുടെ സൗഭാഗ്യവും.

---

ഡോ. കെ. ജി. പൗലോസ്, മുൻവൈസ്ചാൻസലർ, കേരളകലാമണ്ഡലം കല്പിതസർവ്വകലാശാല
E-mail: kgpaulose@gmail.com, www.kgpaulose@info.com.